(ബി) ഹയർ ഡി.പി.സി. മീറ്റിംഗ് നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഹയർ ഡി.പി.സി. മീറ്റിംഗ് എപ്പോൾ നടത്തുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ചില തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഹയർ ഡി.പി.സി. മീറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കഞ്ചിക്കോട് മേഖലയിലെ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ

197 (6648) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കഞ്ചിക്കോട് മേഖലയിൽ എത്ര സ്വകാര്യ വ്യവസായ സ്ഥാപനങ്ങളാണ് പുതുതായി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഉണ്ടെങ്കിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയത് എന്ന് വ്യക്തമാക്കുമോ ;

(ഡി) വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടിയതുമൂലം എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) അടച്ചുപൂട്ടൽമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്കുവേണ്ടി സർക്കാർ തലത്തിൽ ആശ്വാസനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഞ്ചിക്കോട് മേഖലയിൽ 63 സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ (കിൻഫ്രയിലെ 14 യൂണിറ്റുകൾ ഉൾപ്പെടെ) പുതുതായി ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 2 (രണ്ട്) വ്യവസായ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയത്.

(1) M/s. ANR Tile – NIDA, Kanjikode

(2) M/s. Rubid Silicate, NIDA, Kanjikode

(ഡി) വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതുമൂലം 15 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സഹകാര്യ മേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് വേണ്ടി ആശ്വാസ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടില്ല.

അത്താണി സിൽക്ക് പൊതുമേഖലാസ്ഥാപനത്തിൽ ശമ്പള പരിഷ്കരണം

198 (6649) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ അത്താണി സിൽക്ക് (SILK) പൊതുമേഖലാ സ്ഥാപനത്തിൽ ഓഫീസർ കേഡറിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം പരിഷ്കരിച്ചു നൽകിയത് 14 വർഷത്തിനുള്ളിൽ ഒരുതവണ മാത്രമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടത്തെ പല ഓഫീസർമാരുടേയും ശമ്പളം താഴെക്കിടയിലുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ശമ്പളത്തേക്കാൾ കുറവാണ് എന്നത് കണക്കിലെടുത്ത് ഓഫീസർ തസ്തികയിലുള്ളവരുടെ ശമ്പളം കാലാനുസൃതമായി പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5-7-2013-ലെ ജി.ഒ.(എം)നം.(എം.എസ്.) 74/13/ID നമ്പർ ഉത്തരവ് പ്രകാരം സിൽക്കിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനുശേഷം ചില ഓഫീസർമാരുടെ ശമ്പളം താഴേക്കിടയിലുള്ള തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ശമ്പള ത്തേക്കാൾ കുറവാണ് എന്ന സ്ഥിതി മാറിയിട്ടുണ്ട്.

(സി) ബാധകമല്ല.

നാട്ടിക-പൊവ്വൂർ പ്രദേശത്ത് വ്യവസായ എസ്റ്റേറ്റ്

199 (6650) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിലെ പൊവ്വൂർ പ്രദേശത്ത് ഹർണിച്ചർ-കൊത്തു പണി തൊഴിൽ മേഖല കേന്ദ്രീകരിച്ച് ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇതുമായി ബന്ധപ്പെട്ട ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ജില്ലാ വ്യവസായ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ;

(ബി) പൊതുകിട വ്യവസായ യൂണിറ്റുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് ചെയ്തുകൊടുക്കുന്നത് ; വിശദമാക്കുമോ ;

(സി) പൊവ്വൂർ പ്രദേശത്തെ മരപ്പണിക്കാരെ ഏകോപിപ്പിച്ച് പൊതുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുവാൻ മുൻകയ്യെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly